TB Weekly Movie Review

**#moviepanel**

CADAVER

OTT:Disney+Hotstar

2008 ജൂണിൽ സ്വന്തം സഹോദരന്റെ മരണവുമായി ബന്ധപ്പെട്ട് ചെന്നൈ ഗവണ്മെന്റ് ഹോസ്പിറ്റലിന്റെ മോർച്ചറിയിൽ വെച്ചു കണ്ട ചില കാഴ്ചകൾ ആണ് അഭിലാഷ് പിള്ള എന്ന തിരക്കഥകൃത്തിൽ കടാവറിന്റെ വിത്തുകൾ പാകിയത്. 14 വർഷങ്ങൾക്ക് അപ്പുറം ഒരു മികച്ച ഫോറെൻസിക് ഇൻവെസ്റ്റിഗേഷൻ ത്രില്ലെറായി അദ്ദേഹം അതിനെ ഒരുക്കിയെടുത്തു..

മികച്ച ഒരു പോലീസ് ഫോറെൻസിക് സർജൻ ആയ ഭദ്രക്ക് പൂർണ താല്പര്യത്തോടെ അല്ലാതെ ഒരു മർഡർ കേസിൽ പോലീസ് ടീമിന്റെ ഭാഗം ആകുന്നു. താൻ ഏറ്റെടുത്ത കേസ് ന്റെ പിന്നിലെ സത്യം കണ്ടു പിടിക്കാൻ ശ്രമിക്കുന്നതിനിടയിൽ വധ ശ്രമം ഉൾപ്പടെ പല വെല്ലുവിളികളും അവർ നേരിടേണ്ടി വരുന്നു.വില്ലൻ ആര് നായകൻ ആര് എന്നുള്ള തിരിച്ചറിവ് തന്നെ അൽപം സമയം എടുക്കുന്ന ഒന്നാണ് ഈ സിനിമയിൽ.പക്ഷെ ഒടുവിൽ ഈ കേസിൽ ഭദ്രക്ക് വിജയിക്കാൻ കഴിഞ്ഞോ എന്നത് സിനിമ കണ്ടു തന്നെ അറിയേണ്ടതാണ്..

അമല പോൾ നായികയായും നിർമ്മാതാവായും ഈ സിനിമയിൽ നിറഞ്ഞു നിൽക്കുന്നു.ഭേദപ്പെട്ട സിനിമ ആണെങ്കിൽ പോലും ഈ Genre സിനിമകളിൽ പ്രതീക്ഷിക്കുന്ന അത്രെയും ട്വിസ്റ്റ് കളോ edge of the seat അനുഭവങ്ങളോ ഈ സിനിമയിൽ ഇല്ല എന്നതും ഒരു യാഥാർത്ഥ്യം ആണ്.ഒരു ശരാശരി തിരക്കഥയെ അതിന്റ പാകത്തിൽ തന്നെ ഭേദപ്പെട്ട രീതിയിൽ അവതരിപ്പിക്കാൻ നവാഗത സംവിധായകൻ അനൂപ് പണിക്കറിന് കഴിഞ്ഞിട്ടുണ്ട്.